പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1447 | 04.12.2014-ലെ മറുപടിക്ക്

# പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). 27.10.2012-ലെ ജി.ഒ.(ആർ.ടി.) നം: 1814/2012/പി.ഡബ്ല്യൂ.ഡി. ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് ജീവനക്കാരെ പുനർവിന്യസിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ;<br><br>(ബി). പുനർവിന്യാസത്തിന് ഉത്തരവായ ജീവനക്കാരെ വിടുതൽ ചെയ്യുന്നതിന് പകരം പുനർവിന്യാസം നീട്ടിക്കൊണ്ടു പോകുന്നതിന്റെ പിന്നിലുള്ള ഉദ്ദേശ്യമെന്താണെന്ന് അറിയിക്കാമോ ; | (എ). & (ബി). പൊതുമരാമത്ത് വകുപ്പിൽ നിന്ന് തദ്ദേശ സ്വയംഭരണവകുപ്പിലേക്ക് ജീവനക്കാരെ പുനർ വിന്യസിക്കുന്നതു സംബന്ധിച്ച് 27.10.2012 ലെ ജിഒ(ആർ.ടി)നം.1814/2012/പി.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവ് ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് ഓപ്ഷൻ നൽകിയവരെ എല്ലാം ടി വകുപ്പിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. എന്നാൽ ഓപ്ഷൻ നൽകാത്ത, പുനർവിന്യാസത്തിന് തെരഞ്ഞെടുക്കപ്പെട്ടവരാരും തന്നെ തദ്ദേശസ്വയംഭരണ വകുപ്പിൽ ഇതുവരെയും ചേർന്നിട്ടില്ല. ഇവരിൽ ചിലർ ബഹു: കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, ബഹു:ഹൈക്കോടതി എന്നിവിടങ്ങളിൽ പുനർവിന്യാസത്തിനെതിരായി വിവിധ കേസുകൾ ഫയൽ ചെയ്യുകയുണ്ടായി. ടി കേസുകളിലെ വിധിന്യായങ്ങളുടെയും, ഇവർ സർക്കാരിന് സമർപ്പിച്ചിരിക്കുന്ന നിവേദനങ്ങളുടെയും അടിസ്ഥാനത്തിലും കൂടാതെ ജീവനക്കാരുടെ ആവശ്യം പരിഗണിച്ച് അവരുടെ പുനർവിന്യാസം ഒഴിവാക്കണമെന്ന പൊതുമരാമത്ത് (ഭരണ വിഭാഗം) ചീഫ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും ഈ വിഷയം ധനകാര്യ-തദ്ദേശസ്വയംഭരണ വകുപ്പുകളുമായി ആലോചിച്ച് സർക്കാർ |

വീണ്ടും പരിശോധിച്ച വരികയാണ്. ഇതു സംബന്ധിച്ച് ജീവനക്കാർ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ കോടതി വിധികൾക്കനുസൃതമായി പരിശോധിച്ച തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

(സി). പുനർവിന്യാസത്തിനുള്ള നിലവിലെ ഉത്തരവ് നടപ്പാക്കുന്നത് ദീർഘിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി). പുനർവിന്യാസത്തിനുള്ള നിലവിലെ ഉത്തരവ് നടപ്പാക്കുന്നത് ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടില്ല.

(ഡി). പ്രസ്തുത പുനർവിന്യാസം എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഡി). പുനർവിന്യാസത്തിനെതിരെ ജീവനക്കാർ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ, ഇതു സംബന്ധിച്ച കോടതി ഉത്തരവുകൾ, പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശുപാർശകൾ എന്നിവ അടിസ്ഥാനമാക്കി ധനകാര്യ-തദ്ദേശസ്വയംഭരണ വകുപ്പുകളുമായി ആലോചിച്ച് സർക്കാർ ഇക്കാര്യം പരിശോധിച്ച വരികയാണ്.

സെക്ഷൻ ഓഫീസർ